# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 25 18.03.2013 ൽ മറുപടിക്ക്

### എയർ കേരള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ:<br>,, വി. ശിവൻകുട്ടി:<br>,, കെ.വി. അബ്ദുൾ ഖാദർ:<br>,, കെ. കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരളയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര സർവ്വീസുകൾ എന്നുമുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ; | (എ) | കൃത്യമായ സമയം വ്യക്തമാക്കുവാൻ നിവൃത്തിയില്ല. |
| (ബി) | ഇതിനായി എത്ര വിമാനങ്ങൾ ആദ്യഘട്ടത്തിൽ വാങ്ങുകയുണ്ടായി; | (ബി) | വിമാനങ്ങൾ വാങ്ങിച്ചിട്ടില്ല. |
| (സി) | കേന്ദ്രസർക്കാരിന്റെ നിലവിലുള്ള എന്തെല്ലാം നിബന്ധനകളിൽ ഇതിനായി ഇളവ് നൽകാൻ സംസ്ഥാനം ആവശ്യപ്പെടുകയുണ്ടായി; ലഭിച്ച ഇളവുകൾ എന്തെല്ലാം; വിശദമാക്കാമോ; | (സി) | കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസ് നടത്തുന്നതിന് ആഭ്യന്തര സർവ്വീസ് നടത്തിയുള്ള 5 കൊല്ലത്തെ പ്രവർത്തന പരിചയവും 20 വിമാനങ്ങളും വേണമെന്ന നിബന്ധനകൾക്കാണ് ഇളവുകൾ ആവശ്യവശ്യപ്പെട്ടത്. ഇതുവരെ ഇളവുകൾ ലഭിച്ചിട്ടില്ല. |
| (ഡി) | എയർ കേരളയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; ആകെ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കുമോ? | (ഡി) | 'എയർ കേരള'ക്കായി സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ അന്തിമ രൂപം തയ്യാറായ ശേഷമേ പ്രവർത്തന ചിലവ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ